**കേരള സർക്കാർ**

സി എ 3/217/2025/സിഎഡി

ഉപഭോക്തൃകാര്യ വകുപ്പ്
തിരുവനന്തപുരം,തീയതി: **20-01-2026**

**പ്രസിദ്ധീകരണത്തിന്**

ഉപഭോക്തൃ സംരക്ഷണ രംഗത്ത് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തുന്നതും, 3 വർഷത്തെ പ്രവർത്തന പരിചയവുമുള്ളതും, സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നതുമായ ഉപഭോക്തൃ സംഘടനകളിൽ നിന്നും 2024 വർഷത്തെ രാജീവ് ഗാന്ധി സംസ്ഥാന ഉപഭോക്തൃ സംരക്ഷണ അവാർഡിന് അപേക്ഷ ക്ഷണിച്ചു കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. വിശദവിവരങ്ങൾ ഉപഭോക്തൃകാര്യ വകുപ്പ്, പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് ഡയറക്ടറേറ്റ്, ജില്ലാ സപ്ലൈ ഓഫീസുകൾ എന്നിവിടങ്ങളിൽ നിന്നും ലഭ്യമാണെന്നും അറിയിച്ചിരുന്നു. എന്നാൽ അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതിയായ 30-11-2025 നുള്ളിൽ ഒരു സംഘടന മാത്രമാണ് അപേക്ഷ സമർപ്പിച്ചത്. മേൽ സാഹചര്യത്തിൽ അപേക്ഷ സമർപ്പിക്കേണ്ട തീയതി **20/02/2026** തീയതിയിലേക്ക് നീട്ടി നൽകിയിരിക്കുന്നു. അപേക്ഷകൾ **20/02/2026** തീയതി **വൈകിട്ട് 5 മണിയ്ക്ക് മുൻപ്** സെക്രട്ടറി, ഉപഭോക്തൃകാര്യ വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം-1 എന്ന വിലാസത്തിൽ ലഭിച്ചിരിക്കണം. അപൂർണ്ണമോ വൈകി കിട്ടുന്നതോ ആയ അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

2024 വർഷത്തിൽ ഓരോ സംഘടനയും നടത്തിയ പ്രവർത്തനങ്ങൾക്ക് താഴെ പറയുന്ന രീതിയിൽ പോയിന്റ് നിശ്ചയിച്ചായിരിക്കും അവാർഡ് നിർണയം നടത്തുക.

| | |
|---|---|
| തൻ വർഷം പ്രസിദ്ധീകരിച്ച പുസ്തകം (പുനഃപ്രസിദ്ധീകരണങ്ങൾ പരിഗണിക്കുന്നതല്ല) | ഓരോ പുസ്തകത്തിനും പരമാവധി 20 പോയിന്റ് വിതം |
| സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മീഷനിൽ ഫയൽ ചെയ്ത കേസുകൾ, കമ്മിഷനുകൾക്ക് പുറത്ത് ഒത്തുതീർപ്പാക്കിയ കേസുകൾ | ഓരോ കേസിനും പരമാവധി 10 പോയിന്റ് വീതം |
| നവമാദ്ധ്യമങ്ങളിലെ ഇടപെടലുകൾ (ഫേസ് ബുക്ക്) പേജ്, ട്വിറ്റർ അക്കൗണ്ട് മുതലായവ) (ലൈക്കുകൾ. ഷെയറുകൾ, തുടങ്ങിയവ പരിഗണിച്ച്) പിന്തുടരുന്നവർ | ഓരോ അക്കൗണ്ടിനും പരമാവധി 10 പോയിന്റ് വീതം |
| ജില്ല ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകളിൽ ഫയൽ ചെയ്ത കേസുകൾ | ഓരോ കേസിനും പരമാവധി 5 പോയിന്റ് വീതം |
| സെമിനാറുകൾ, പ്രസിദ്ധീകരിച്ച മാഗസിനുകൾ | ഓരോന്നിനും പരമാവധി 5 പോയിന്റ് വീതം |

എം ജി രാജമാണിക്കം

സെക്രട്ടറി